# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 416
## 28.02.2017 ലെ മറുപടിക്ക്

**ഗവ.പോളിടെക്നിക്ക്, ഗവ.ഐ.റ്റി.ഐ , ഗവ. കോളേജ് വിദ്യാർത്ഥികൾക്ക് ബസ് വാങ്ങുന്നതിനുള്ള നടപടി**

| | ചോദ്യം<br>ശ്രീമതി.യു. പ്രതിഭ ഹരി | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഗവൺമെന്റ് പോളി ടെക്നിക്, ഗവൺമെന്റ് ഐ.റ്റി.ഐ, ഗവൺമെന്റ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്കായി ബസ്സുകൾ വാങ്ങി നൽകുന്നതിന് നിലവിൽ അനുമതിയുണ്ടോയെന്ന് വ്യക്ത മാക്കാമോ; | ഇല്ല ; സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി 09.02.2016-ലെ സ.ഉ.(പി) നം. 178/2016/ധന. പ്രകാരം ബന്ധപ്പെട്ട ജില്ലാ പൊതു വിദ്യാഭ്യാസ ഉപഡയറക്ടർ സാക്ഷ്യപ്പെടുത്തുന്ന ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാഹനം വാങ്ങുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന/ പരിപാലന ചെലവുകൾ സർക്കാർ വഹിക്കുന്നതല്ല എന്നീ നിബന്ധനകളോടു കൂടി ആസ്തി വികസന ഫണ്ടിൽ നിന്നും സ്കൂൾ ബസ് വാങ്ങുന്നതിന് മാത്രമാണ് അനുമതിയുള്ളത്. |
| (ബി) | ഇല്ലെങ്കിൽ, ആയതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ? | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ